# കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണവകുപ്പ് - കണ്ണൂർ ജില്ലയിലെ പാട്യം സർവ്വീസ് സൊസൈറ്റി നിർമ്മിക്കുന്ന ആയുർവേദ ഔഷധങ്ങൾ വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അനുമതി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്

സ.ഉ.(സാധാ)നം.2711/11/തസ്വഭവ തിരുവനന്തപുരം, തീയതി.18.11.2011

---

**പരാമർശം:-** (1) 31.07.09-ലെ സ.ഉ(സാധ)നം.1940/09/തസ്വഭവ

(2)01.12.09-ലെ സ.ഉ(സാധ)നം3185/09/തസ്വഭവ

(3) 09.11.2010-ലെ സ.ഉ(സാധ)നം.3530/10/തസ്വഭവ

(4)22.04.2011-ലെ പാട്യം സർവ്വീസ് സൊസൈറ്റി സെക്രട്ടറിയുടെ കത്ത്.

(5)03.11.11-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഐറ്റം നമ്പർ 2.13

## <u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികൾക്ക് ആവശ്യമായ ഔഷധങ്ങൾ കണ്ണൂർ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും ഒരു വർഷത്തേക്ക് വാങ്ങുന്നതിന് പരാമർശം (1) -ഉം പരാമർശം (2) ഉം ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത അനുമതിയുടെ കാലയളവ് പരാമർശം (3) പ്രകാരം 31.07.2010 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു. പരാമർശം (4) പ്രകാരം പ്രസ്തുത അനുമതി സ്ഥിരമായി നൽകണമെന്ന് സൊസൈറ്റി സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

(2) ആരോഗ്യകുടുംബക്ഷേമവകുപ്പിന്റേയും പരാമർശം (5)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ 30 മുതൽ 35 % വരെ വിലക്കിഴിവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും, കണ്ണൂർ പാട്യം സർവ്വീസ് സൊസൈറ്റിയിൽ നിന്നും നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയുടെ കാലയളവ് 31.07.2011 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.ശോഭ
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ആഫീസർ

Contd......

സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമവകുപ്പ് 15.10.11-ലെ 26106/ഡി1/11 ആ.കു.വപ്രകാരം

സെക്രട്ടറി പാട്യം സോഷ്യൽ സർവീസ് സൊസൈറ്റി, ഈസ്റ്റ് കതിരൂർ പി.ഒ. കണ്ണൂർ

ഡയറക്ടർ, ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കേണ്ടതാണ്

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് തിരുവനന്തപുരം

ഡയറക്ടർ, കില, തൃശ്ശൂർ

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ ഐ.കെ.എം

ഒ.സി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ